**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 20** **07-06-2021 - ൽ മറുപടിയ്ക്ക്**

**പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2018, 2019 വർഷങ്ങളിലെ പ്രളയം കാരണം തകർന്ന കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; പുരോഗതി വ്യക്തമാക്കാമോ; | (എ) | പ്രളയകാലത്ത് അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിയ സർക്കാർ തുടർന്ന് ഈ ദുരന്തത്തെ ഒരു വെല്ലുവിളിയായിക്കണ്ട് ഒരു നവകേരളം പടുത്തുയർത്തുന്നതിനും അതുവഴി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള പുനർനിർമാണ പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. പുനർനിർമാണ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI)ന് രൂപം നൽകി. പുനർനിർമാണത്തിനായുള്ള നയരേഖയായ കേരള പുനർനിർമാണ വികസന പരിപാടി (Rebuild Kerala Development Programme, RKDP) സർക്കാർ അംഗീകരിച്ചിട്ടുണ്ട്. രാജ്യാന്തര ഫണ്ടിംഗ് ഏജൻസികളിൽനിന്നുൾപ്പെടെ ധനസമാഹരണം നടത്തിക്കൊണ്ടാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. 2019-20, 2020-21 വർഷങ്ങളിലെ ബജറ്റിൽ 1000 കോടി രൂപ വീതവും 2021-22ലെ ബജറ്റിൽ 1800 കോടി രൂപയും കേരള പുനർനിർമാണ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്. ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്നവിധം കരുത്തോടെയും പ്രകൃതിസൗഹൃദപരമായും അത്യന്താധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ഉന്നത നിലവാരത്തിൽ പുനർനിർമിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ഇതിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ഉണ്ട്. 12 വകുപ്പുകളിലായി 7405 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ഇവ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇവയിൽ 4677 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ(2020-21) 460.92 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചു. |
| (ബി) | ഈ പരിപാടിയുടെ വിവിധ ഘടകപദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇതിനായി ആഗോള ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് അടക്കം വായ്പ ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ആർ.കെ.ഐക്ക് കീഴിൽ ഏറ്റെടുക്കാൻ തീരുമാനിച്ച പദ്ധതികളുടെ പുരോഗതി നിരന്തരം വിലയിരുത്തിവരുന്നു. കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്. ഇതിനൊപ്പം ജർമൻ ബാങ്കായ കെ.എഫ്.ഡബ്ള്യുവിൽനിന്ന് 100 ദശലക്ഷം യൂറോ 2021 മാർച്ചിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ കാലാവസ്ഥാമാറ്റം കാരണമുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളെ ചെറുക്കുന്നതിന് പര്യാപ്തമായ തരത്തിൽ റോഡുകൾ പുനർനിർമിക്കുന്നതിനായി കെ.എഫ്.ഡബ്ള്യു. 170 ദശലക്ഷം യൂറോ ലഭ്യമാക്കുന്നതാണ്. ഫലപ്രാപ്തി അധിഷ്ഠിത വായ്പ പദ്ധതിയായി (Program for Results-PfR) ലോകബാങ്കും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ഇൻവെസ്റ്റ്മെന്റ് ബാങ്കും ചേർന്ന് 250 ദശലക്ഷം ഡോളർ വായ്പ അനുവദിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. |
| (സി) | കടൽക്ഷോഭവും പ്രളയവും കൂടിവരുന്ന സാഹചര്യത്തിൽ അവയെ ചെറുക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ദേശീയതലത്തിൽ തീരശോഷണം ഒരു അംഗീകൃത ദുരന്തമായി കണക്കാക്കുന്നില്ല. ഇത് ദേശീയ ദുരന്തമായി വിജ്ഞാപനം ചെയ്യണമെന്ന് ആവശ്യപ്പെട്ട് 26.5.2021ന് ബഹു. പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കേരളത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സവിശേഷ അധികാരമുപയോഗിച്ച് തീരശോഷണം ഒരു സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചു. പ്രസ്തുത ഉത്തരവ് അനുസരിച്ച് കടലാക്രമണം രൂക്ഷമാകുന്ന ഘട്ടങ്ങളിൽ അടിയന്തര ഇടപെടലുകൾക്കായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അധ്യക്ഷന്മാർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി ഉപയോഗിക്കാവുന്നതാണ് തീരസംരക്ഷണത്തിനായി ടെട്രാപോട്ടുകൾ, ടെട്രാപോഡുകൾ എന്നിവയും നൂതന സാങ്കേതികവിദ്യയായ Duck Bill Valve ഉം ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു. വർഷകാലത്തിന് മുന്നോടിയായി ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ മുഴുവൻ വകുപ്പുകളുടെയും ദേശീയ-സംസ്ഥാന രക്ഷാസേനകളുടെയും യോഗം വിളിച്ച് |

| | | | |
|---|---|---|---|
| | | | സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നുണ്ട്. സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾക്ക് പുറമെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ പ്രാദേശികാടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനതല പ്ലാനുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു പൊഴിമുഖങ്ങളുടെ വീതി വർധിപ്പിക്കലും പൊഴിമുറിക്കലുമെല്ലാം മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി പൂർത്തീകരിച്ചുവരുന്നു. ദുരന്ത ലഘൂകരണ, പ്രതികരണ, പ്രതിരോധ മാർഗരേഖയായ ഓറഞ്ച് ബുക്ക് കോവിഡ് സാഹചര്യം ഉൾപ്പെടെ പരിഗണിച്ച് വേണ്ട ഭേദഗതികൾ വരുത്തി 2021ൽ പുതുക്കി. കാലാവസ്ഥ പ്രവചനം മെച്ചപ്പെടുത്താൻ 100 ഓട്ടോമേറ്റഡ് കാലാവസ്ഥ മാപിനികൾ സ്ഥാപിക്കാൻ കേന്ദ്ര കാലാവസ്ഥ വകുപ്പിന് ആവശ്യമായ സ്ഥലം സംസ്ഥാനം നൽകി. ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി എൻ.സി.ആർ.എം.പി. പദ്ധതിയുടെ മുന്നറിയിപ്പ് സംവിധാനവും ദുരന്തനിവാരണ അതോറിറ്റിയുടെ സുരക്ഷായാനം മൊബൈൽ ആപ്ലിക്കേഷനും ഉപയോഗപ്പെടുത്താവുന്നതാണ്. അന്താരാഷ്ട്ര ഏജൻസികളുടെ സഹകരണത്തോടെ നദികളിലെ പ്രളയ സാധ്യത പ്രളയ മോഡലിംഗ് പ്രവർത്തനങ്ങളിലൂടെ കണ്ടെത്താനുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. നെതർലൻഡ്സ് മാതൃകയിൽ റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പഠനങ്ങൾ പുരോഗമിക്കുന്നു. ദുരന്തസാധ്യതകൾ മുന്നിൽക്കണ്ട്, മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ വിപുലമായ രക്ഷാപ്രവർത്തന-പുനരധിവാസ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് സജ്ജീകരണങ്ങൾ ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ